നോട്ടിഫിക്കേഷൻ നം. 01/എഫ്.സി.ഐ തീയതി.01.06.2026

## പ്രസിദ്ധീകരണത്തിന്

## ഫുഡ് ക്രാഫ്റ്റ് ഇൻസ്റ്റിറ്റ്യൂട്ട് പ്രവേശനം

## 2026–27

കേരള വിനോദസഞ്ചാര വകുപ്പിൻ കീഴിലുള്ള വിദ്യാഭ്യാസ സ്ഥാപനമായ ഫുഡ് ക്രാഫ്റ്റ് ഇൻസ്റ്റിറ്റ്യൂട്ടിൽ 2026-27 അധ്യായന വർഷത്തേക്ക് ഒരു വർഷം ദൈർഘ്യമുള്ള പി.എസ്.സി അംഗീകൃത തൊഴിലധിഷ്ഠിത ഹോട്ടൽ മാനേജ്മെന്റ് കോഴ്സുകളിലേക്ക് അപേക്ഷകൾ ക്ഷണിച്ചു. പ്ലസ് ടു/തത്തുല്യം മാർക്ക് അടിസ്ഥാനമാക്കിയാണ് പ്രവേശനം നൽകുന്നത്. പ്ലസ് ടു, ഡിഗ്രി പാസായ ഏവർക്കും പ്രായപരിധി ഇല്ലാതെ ഫുഡ് ക്രാഫ്റ്റ് ഇൻസ്റ്റിറ്റ്യൂട്ട് പ്രവേശനത്തിന് അപേക്ഷിക്കാവുന്നതാണ്. സർക്കാരിന്റെ സാമുദായിക സംവരണ തത്വം പാലിച്ചു കൊണ്ടാണ് പാലക്കാട് സെന്റർ ഒഴികെ കേരളത്തിലെ 12 ഫുഡ് ക്രാഫ്റ്റ് ഇൻസ്റ്റിറ്റ്യൂട്ടുകളിലും പ്രവേശനം നൽകുന്നത്. പാലക്കാട് സെന്റർ എസ്.സി/എസ്.ടി വിദ്യാർത്ഥി കൾക്ക് പ്രാധാന്യം നൽകി കൊണ്ട് പ്രവർത്തിക്കുന്ന ഫുഡ് ക്രാഫ്റ്റ് ഇൻസ്റ്റിറ്റ്യൂട്ട് ആണ്. എസ്.സി/എസ്.ടി/ഒ.ഇ.സി വിഭാഗത്തിൽപ്പെടുന്ന വിദ്യാർത്ഥികൾക്ക് സ്റ്റൈപ്പെന്റോടു കൂടി ഫുഡ് ക്രാഫ്റ്റ് ഇൻസ്റ്റിറ്റ്യൂട്ടിൽ സൗജന്യമായി പഠിക്കാവുന്നതാണ്. കൂടാതെ ജനറൽ/ഒ.ബി.സി വിഭാഗത്തിൽപ്പെടുന്ന വിദ്യാർത്ഥികൾക്ക് സർക്കാർ നിബന്ധനകൾക്ക് വിധേയമായി ഫീസ് ആനുകൂല്യം ലഭിക്കുന്നതാണ്. ഫുഡ് ക്രാഫ്റ്റ് കോഴ്സ് വിജയകരമായി പൂർത്തീകരിക്കുന്നവർക്ക് ജോബ് ഫെയർ വഴി ഇന്ത്യയിലും, കേരളത്തി ലുമുള്ള ഫൈവ് സ്റ്റാർ ഹോട്ടലുകളിൽ ജോലി ഉറപ്പ് വരുത്തുന്നു. കൂടാതെ ആഡംബര കപ്പലുകൾ, വൻകിട വ്യവസായ ശാലകൾ, സർക്കാർ ആശുപത്രികൾ, കേരള സർക്കാരിന്റേയും കേന്ദ്രസർക്കാരിന്റേയും സ്ഥാപനങ്ങൾ എന്നിവിടങ്ങളിലും ജോലി ലഭിക്കുന്നു. പരീക്ഷ നടത്തുന്നതും സർട്ടിഫിക്കറ്റ് വിതരണം ചെയ്യുന്നതും കേരള സർക്കാരിന്റെ സാങ്കേതിക വിദ്യാഭ്യാസ വകുപ്പാണ്. ഫ്രണ്ട് ഓഫീസ് ഓപ്പറേഷൻ, ഫുഡ് ആന്റ് ബീവറേജ് സർവ്വീസ്, ഫുഡ് പ്രൊഡക്ഷൻ, ബേക്കറി ആന്റ് കൺഫക്ഷ ണറി, ഹോട്ടൽ അക്കോമഡേഷൻ ഓപ്പറേഷൻ, ക്യാനിംങ്ങ് ആന്റ് ഫുഡ് പ്രിസർവേഷൻ തുടങ്ങിയ ഹോട്ടൽ മാനേജ്മെന്റിന്റെ വിവിധ ട്രേഡുകളിലാണ് ഫുഡ് ക്രാഫ്റ്റ് ഇൻസ്റ്റിറ്റ്യൂട്ടുകൾ വഴി വിദഗ്ദ പരിശീ ലനം നൽകുന്നത്. www.fcikerala.org എന്ന വെബ്സൈറ്റ് വഴി ഓൺലൈനായും, അതാത് സെന്റർ വഴി നേരിട്ടും അപേക്ഷിക്കാവുന്നതാണ്. അപേക്ഷിക്കാനുള്ള അവസാന തീയതി 15.06.2026 വൈകുന്നേരം 5 മണിവരെ. കൂടുതൽ വിവരങ്ങൾക്ക് ഓഫീസുമായി ബന്ധപ്പെടുക. ഫുഡ് ക്രാഫ്റ്റ് ഇൻസ്റ്റിറ്റ്യൂട്ട് തിരുവനന്തപുരം-0471 2728340, ഫുഡ് ക്രാഫ്റ്റ് ഇൻസ്റ്റിറ്റ്യൂട്ട് കൊല്ലം - 0474 2767635, ഫുഡ് ക്രാഫ്റ്റ് ഇൻസ്റ്റിറ്റ്യൂട്ട് കോട്ടയം - 0481 2312504, ഫുഡ് ക്രാഫ്റ്റ് ഇൻസ്റ്റിറ്റ്യൂട്ട് തൊടുപുഴ - 0486 2224601, ഫുഡ് ക്രാഫ്റ്റ് ഇൻസ്റ്റിറ്റ്യൂട്ട് ചേർത്തല - 0478 2817234, ഫുഡ് ക്രാഫ്റ്റ് ഇൻസ്റ്റിറ്റ്യൂട്ട് കളമശ്ശേരി - 0484 2558385, ഫുഡ് ക്രാഫ്റ്റ് ഇൻസ്റ്റിറ്റ്യൂട്ട് തൃശ്ശൂർ- 0487 2384253, ഫുഡ് ക്രാഫ്റ്റ് ഇൻസ്റ്റിറ്റ്യൂട്ട് പാലക്കാട് - 0492 2256677, ഫുഡ് ക്രാഫ്റ്റ് ഇൻസ്റ്റിറ്റ്യൂട്ട് പെരിന്തൽമണ്ണ - 0493 3295733, ഫുഡ് ക്രാഫ്റ്റ് ഇൻസ്റ്റിറ്റ്യൂട്ട് തിരൂർ- 0494 2430802, ഫുഡ് ക്രാഫ്റ്റ് ഇൻസ്റ്റിറ്റ്യൂട്ട് കോഴിക്കോട് - 0495 2372131, ഫുഡ് ക്രാഫ്റ്റ് ഇൻസ്റ്റിറ്റ്യൂട്ട് കണ്ണൂർ - 0497 2706904, ഫുഡ് ക്രാഫ്റ്റ് ഇൻസ്റ്റിറ്റ്യൂട്ട് ഉദുമ - 0467 2236347 ഫുഡ് ക്രാഫ്റ്റ് ഇൻസ്റ്റിറ്റ്യൂട്ട് ഡയറക്ടറേറ്റ് 0471- 2310441.

ഫുഡ് ക്രാഫ്റ്റ് ഇൻസ്റ്റിറ്റ്യൂട്ട് ഡയറക്ടറേറ്റ്
കേരള വിനോദസഞ്ചാര വകുപ്പിൻ കീഴിലുള്ള ഒരു ഗ്രാന്റ് ഇൻ എയ്ഡ് സ്ഥാപനം